# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 12, ചൊവ്വ

**നമ്പർ 193**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ട് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് ഒഴിവാക്കാനുള്ള സർക്കാർ തീരുമാനംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ഒരു നോട്ടീസ് നല്കിയിരുന്നു. ചോദ്യോത്തര വേളയിൽ ആദ്യത്തെ ചോദ്യമായി ഈ വിഷയം സഭ മുമ്പാകെ വന്നിട്ടുള്ളതിനാലും മുമ്പും ഈ വിഷയത്തിൽ ചോദ്യങ്ങൾ വന്നിട്ടുള്ളതിനാലും അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നതായി സ്പീക്കർ അറിയിച്ചു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിയ്ക്കുകയും ചെയ്തു.)

ശ്രദ്ധ ക്ഷണിക്കൽ :

(1) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ വാടക നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെയും വികസന പ്രവർത്തനങ്ങൾക്കായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരസ്ഥാപന ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. വി. കെ. സി. മമ്മത് കോയ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1470/2019 (i).

(2) ആഗതമായ ശബരിമല തീർത്ഥാടനം സുഗമമായി നടക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ നൽകിയ താഴെപ്പറയുന്ന നോട്ടീസുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു :

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | വേനൽ മഴയിൽ കുട്ടനാട്ടിലെ കൃഷിനാശം | കൃഷിവകുപ്പുമന്ത്രി |
| 2 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മൃതദേഹം അടക്കം ചെയ്യുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പ്രദീപ്കുമാർ | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | ഏനമാവ് ജംഗ്ഷൻ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | വണ്ടൂർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. ജോയി | ശിവഗിരി തൊട്ടുവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ചിറ്റയം ഗോപകുമാർ | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | സപ്ലൈക്കോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ നിയമനം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. നൗഷാദ് | കൊല്ലം മഹാത്മാഗാന്ധി ബീച്ച് ടൂറിസം വികസനം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട് പുതിയ ആർ.ആർ.റ്റി. അനുവദിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

<u>നിയമനിർമ്മാണകാര്യം</u> :

I. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധസ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. പ്രമേയത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ <u>വകുപ്പുതിരിച്ചുള്ള</u> പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു :

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2 (ഡി)-ൽ "ബാങ്ക്, സഹകരണ ബാങ്ക് " എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബാങ്കുകൾ, സഹകരണ ബാങ്കുകൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

2. ഖണ്ഡം 2(ഇ)-ൽ "സ്റ്റോഴ്സ്" എന്ന വാക്കിനുപകരം "സ്റ്റോറുകളും" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2 (എൽ)-ൽ "വകുപ്പ്" എന്ന വാക്കിനുപകരം "വകുപ്പിലെ (1)-ാം ഉപവകുപ്പ്" എന്നീ വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

1470/19 (i)

മൂന്നാം വകുപ്പ്

ഖണ്ഡം 3 -ൽ "പ്രമാണങ്ങളിലോ " എന്ന വാക്കിനുപകരം "പ്രമാണത്തിലോ" എന്ന വാക്ക് ചേർക്കുക.

നാലാം വകുപ്പ്

(1) ഖണ്ഡം 4-ൽ "താത്പര്യങ്ങളും" എന്ന വാക്കിനുപകരം "താൽപ്പര്യങ്ങളും" എന്ന് ചേർക്കുക.

(2) ഖണ്ഡം 4-ൽ "ഏതെങ്കിലും വ്യക്തികൾക്കോ" എന്നീ വാക്കുകൾക്കുശേഷം "മറ്റു സ്ഥാപനങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

എട്ടാം വകുപ്പ്

ഖണ്ഡം 8 (iii)-ൽ "വന്നതിന്ശേഷം" എന്നതിന് പകരം "വന്നതിന് ശേഷം" എന്ന് ചേർക്കുക.

പത്താം വകുപ്പ്

(1) ഖണ്ഡം 10 (2)-ൽ "പക്ഷം" എന്ന വാക്കിന് ശേഷം "ആയത് പരിഹരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

(2) ഖണ്ഡം 10(4)-ൽ, "പ്രതിനിധികളുടേയോ" എന്നതിനു പകരം "പ്രതിനിധി കളുടെയോ" എന്ന് ചേർക്കുക.

പന്ത്രണ്ടാം വകുപ്പ്

(1) ഖണ്ഡം 12-ന്റെ മാർജിനൽ ശീർഷകത്തിൽ "സേവനവ്യവസ്ഥകൾ" എന്നതിനു പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

(2) ഖണ്ഡം 12 (1) (ii)-ൽ "ഉപാധികളോടെയും" എന്ന വാക്കിനുപകരം "വ്യവസ്ഥകളോടെയും" എന്ന വാക്ക് ചേർക്കുക.

പതിമൂന്നാം വകുപ്പ്

ഖണ്ഡം 13 (1)-ൽ "ശ്രീ" എന്നത് ഒഴിവാക്കുക.

പതിനാറാം വകുപ്പ്

(1) ഖണ്ഡം 16 (1)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

(2) ഖണ്ഡം 16 (2)-ൽ "സമ്മേളനങ്ങളിലോപെടാവുന്ന" എന്ന വാക്കിനുപകരം "സമ്മേളനങ്ങളിലോ പെടാവുന്ന " എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ഖണ്ഡം 17-ൽ "ആ വൈഷമ്യം" എന്നതിനു പകരം "അത്തരം വൈഷമ്യങ്ങൾ" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18-ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയവുമായിരിക്കും" എന്നതിനു പകരം "വിധേയവുമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ഒന്നാം വകുപ്പും പീഠികയും പേരും

ദീർഘശീർഷകത്തിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

പീഠികയിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

II. തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ പാസ്സാക്കുകയും ചെയ്തു.

2019 നവംബർ 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.47-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Tuesday, November 12, 2019.*

**No. 193**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Two Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

The Speaker withheld consent to the moving of an Adjournment motion given notice of by Shri V. D. Satheesan and three other Members regarding the serious situation reported to have arisen due to the decision taken by the Government to exempt the Kerala Infrastructure Investment Fund Board and Kannur International Airport from the Audit of the Comptroller and Auditor General of India on the basis that the matter was taken up during the Question hour of the day and in other questions of previous days.

(In protest against the withholding of the consent for moving the motion the Members belonging to the opposition moved into the well of the House raising slogans and tried to disrupt the proceedings of the House.)

*Calling Attention :*

(1) Shri V. K. C. Mammed Koya called the attention of the Minister for Revenue and Housing to the necessity to enact legislation to control the rent of commercial establishments functioning in rented buildings and to ensure sufficient compensation for the shop owners being evicted for developmental activities. The Minister made a statement thereto.

(2) Shri O. Rajagopal called the attention of the Minister for Co-operation, Tourism and Devaswoms to the necessity to take urgent steps to ensure necessary infrastructure for the smooth conduct of the upcoming Sabarimala pilgrimage. The Minister made a statement thereto.

KNPP. 1470/2019 (ii).

*The Matters under Rule 304* :

The Ministers concerned laid on the table the statements on the following matters under Rule 304 :

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | വേനൽ മഴയിൽ കുട്ടനാട്ടിലെ കൃഷിനാശം | കൃഷിവകുപ്പുമന്ത്രി |
| 2 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മൃതദേഹം അടക്കം ചെയ്യുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പ്രദീപ്കുമാർ | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | ഏനമാവ് ജംഗ്ഷൻ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി.അനിൽ കുമാർ | വണ്ടൂർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. ജോയി | ശിവഗിരി തൊട്ടുവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. ചിറ്റയം ഗോപകുമാർ | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 8 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | സപ്ലൈക്കോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ നിയമനം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. എം. നൗഷാദ് | കൊല്ലം മഹാത്മാഗാന്ധി ബീച്ച് ടൂറിസം വികസനം | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട് പുതിയ ആർ.ആർ.റ്റി. അനുവദിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

*Legislative Business* :

I. Smt. K. K. Shailaja Teacher, Minister for Health, Social Justice and Woman and Child development moved the motion that The Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking Over and Control) Bill, 2019 as reported by the Subject Committee be taken up for consideration. Amendments to the motion were not moved. The motion was adopted and the Bill was taken up for clause by clause consideration and passed with the following amendments :

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2 (ഡി)-ൽ "ബാങ്ക്, സഹകരണ ബാങ്ക് " എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബാങ്കുകൾ, സഹകരണ ബാങ്കുകൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

2. ഖണ്ഡം 2(ഇ)-ൽ "സ്റ്റോഴ്സും" എന്ന വാക്കിനുപകരം "സ്റ്റോറുകളും" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 2 (എൽ)-ൽ "വകുപ്പ്" എന്ന വാക്കിനുപകരം "വകുപ്പിലെ (1)-ാം ഉപവകുപ്പ്" എന്നീ വാക്കുകളും അക്കവും ചിഹ്നവും ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3 -ൽ "പ്രമാണങ്ങളിലോ " എന്ന വാക്കിനുപകരം "പ്രമാണത്തിലോ" എന്ന വാക്ക് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(1) ഖണ്ഡം 4-ൽ "താത്പര്യങ്ങളും" എന്ന വാക്കിനുപകരം "താൽപ്പര്യങ്ങളും" എന്ന് ചേർക്കുക.

(2) ഖണ്ഡം 4-ൽ "ഏതെങ്കിലും വ്യക്തികൾക്കോ" എന്നീ വാക്കുകൾക്കുശേഷം "മറ്റു സ്ഥാപനങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 8 (iii)-ൽ "വന്നതിന്ശേഷം" എന്നതിന് പകരം "വന്നതിന് ശേഷം" എന്ന് ചേർക്കുക.

<u>പത്താം വകുപ്പ്</u>

(1) ഖണ്ഡം 10 (2)-ൽ "പക്ഷം" എന്ന വാക്കിന് ശേഷം "ആയത് പരിഹരിക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

(2) ഖണ്ഡം 10(4)-ൽ, "പ്രതിനിധികളുടേയോ" എന്നതിനു പകരം "പ്രതിനിധി കളുടെയോ" എന്ന് ചേർക്കുക.

<u>പന്ത്രണ്ടാം വകുപ്പ്</u>

(1) ഖണ്ഡം 12-ന്റെ മാർജിനൽ ശീർഷകത്തിൽ "സേവനവ്യവസ്ഥകൾ" എന്നതിനു പകരം "സേവന വേതന വ്യവസ്ഥകൾ" എന്ന് ചേർക്കുക.

(2) ഖണ്ഡം 12 (1) (ii)-ൽ "ഉപാധികളോടെയും" എന്ന വാക്കിനുപകരം "വ്യവസ്ഥകളോടെയും" എന്ന വാക്ക് ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u>

ഖണ്ഡം 13 (1)-ൽ "ശ്രീ" എന്നത് ഒഴിവാക്കുക.

<u>പതിനാറാം വകുപ്പ്</u>

(1) ഖണ്ഡം 16 (1)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

(2) ഖണ്ഡം 16 (2)-ൽ "സമ്മേളനങ്ങളിലോപെടാവുന്ന" എന്ന വാക്കിനുപകരം "സമ്മേളനങ്ങളിലോ പെടാവുന്ന " എന്ന് ചേർക്കുക.

<u>പതിനേഴാം വകുപ്പ്</u>

ഖണ്ഡം 17-ൽ "ആ വൈഷമ്യം" എന്നതിനു പകരം "അത്തരം വൈഷമ്യങ്ങൾ" എന്ന് ചേർക്കുക.

<u>പതിനെട്ടാം വകുപ്പ്</u>

ഖണ്ഡം 18-ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയവുമായിരിക്കും" എന്നതിനു പകരം "വിധേയവുമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

ദീർഘശീർഷകത്തിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

പീഠികയിൽ "ഇപ്പോൾ" എന്ന വാക്കിന് പകരം "നിലവിൽ" എന്ന വാക്ക് ചേർക്കുക.

II. Shri A. C. Moideen, Minister for Local Self Governments moved the motion that The Kerala Panchayat Raj (Amendment) Bill, 2019 as reported by the Subject Committee be taken up for consideration. Amendments to the motion were not moved. The motion was adopted and the Bill was taken up for clause by clause consideration and passed by the House without any amendment.

The House adjourned at 10.47 a.m. to meet again at 9.00 a.m. on Wednesday, November 13, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*